# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2694** | **19/12/2012-ലെ** മറുപടിയ്ക്ക്

## <u>തൊഴിൽ ക്ലബ്ബുകൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ.<br>ശ്രീ.ഐ.സി. ബാലകൃഷ്ണൻ.<br>ശ്രീ.ആർ.സെൽവരാജ് .<br>ശ്രീ.പി.സി. വിഷ്ണുനാഥ്. | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) തൊഴിൽ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്.<br><br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള വരുമായ തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് തൊഴിൽ ക്ലബ്ബുകൾ രൂപീകരിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ് /ജോബ് ക്ലബ്ബ്.<br>14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റുകൾ വഴി ഈ പദ്ധതി മോണിറ്റർ ചെയ്തു വരുന്നു. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ തൊഴിലുകളിൽ വൈദഗ്ദ്ധ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് അവരെ ബാങ്കുമായി ലിങ്ക് ചെയ്ത് വായ്പയും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സബ്സിഡിയും അനുവദിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.<br><br>സ്വയംതൊഴിൽ പദ്ധതികൾ |

ആരംഭിക്കാൻ കഴിവും താൽപര്യവുമുള്ളവരെ കണ്ടെത്തി അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ച് തൊഴിലില്ലായ്മയുടെ തീഷ്ണത കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) സ്വയം തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) ചുവടെ പറയുന്ന നിബന്ധനകൾ/ വ്യവസ്ഥകൾ പാലിക്കുന്ന വ്യക്തികൾക്ക് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

1. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളയാളായിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10% ൽ കൂടാൻ പാടില്ല.
2. വാർഷിക കുടുംബ വരുമാനം 50,000/-രൂപയിൽ കവിയുവാൻ പാടില്ല.
3. പ്രായ പരിധി 21 നും 40 നും മദ്ധ്യേയായിരിക്കണം. എന്നാൽ കേരളത്തിലെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്നു വർഷവും പട്ടികജാതി പട്ടികവർഗ്ഗ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായ പരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.
4. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവർക്കും തൊഴിൽ പരിചയം നേടിയിട്ടുള്ളവർക്കും പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

(ഡി) എന്തെല്ലാം തരത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് പ്രസ്തുത ക്ലബ്ബുകൾക്ക് നൽകുന്നത്?

(ഡി) ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 10,00,000/- രൂപ ( പത്തു ലക്ഷം രൂപ മാത്രം) വരെ ബാങ്ക് വായ്പ അനുവദിക്കുന്നു. ബാങ്ക് വായ്പ അനുവദിക്കുന്ന ജോബ് ക്ലബ്ബുകളുടെ

പദ്ധതി ചെലവിന്റെ 25% അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് ആ തുക ഓരോ ജോബ് ക്ലബ്ബിനും സബ്സിഡിയായി സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ